**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2067** **11-10-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആശുപത്രികളിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; | (എ) | ആർദ്രം ഒന്നാം ഘട്ടം സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ നൊച്ചാട്, അരിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ഒ.പി കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷവും, മെച്ചപ്പെട്ട സേവനങ്ങളും നൽകി സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുകയുമാണ്. ആർദ്രം പദ്ധതി മാർഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകേണ്ടുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു. ഇതിനായി ടി സ്ഥാപനങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, 2-വീതം സ്റ്റാഫ് നേഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ, ഒന്ന് വീതം ഫാർമസിസ്റ്റ്മാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ ചങ്ങോരത്ത്, പെരുവണ്ണാമൂഴി, പന്നിക്കോട്ടൂർ, മേപ്പയൂർ, കീഴരിയൂർ, ആവാള എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ഒ.പി കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും സൃഷ്ടിച്ച് ചങ്ങോരത്ത്, പെരുവണ്ണാമൂഴി, മേപ്പയ്യൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പ്രവർത്തിച്ചുവരുകയുമാണ്. ഇതിനായി ചങ്ങോരത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ , ഒരു സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകളും, പെരുവണ്ണാമൂഴി കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത പന്നികോട്ടൂർ, കീഴരിയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി പന്നികോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും കീഴരിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ടി നിയോജക മണ്ഡലത്തിലെ കൂത്താളി, തുറയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും എത്ര തുകവീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്രമ നം സ്ഥാപനം നാളിതുവരെ ചെലവഴിച്ച തുക 1 നൊച്ചാട് 11,37,499/- 2 അരിക്കുളം എഫ്.എച്ച്.സി 11,98,881/- 3 മേപ്പയ്യൂർ എഫ്.എച്ച്.സി 12,09,123/- 4 പെരുമണ്ണാമൂഴി 10,51,625/- 5 ചങ്ങോരത്ത് എഫ്.എച്ച്.സി 14,93,427/- 6 എഫ്.എച്ച്.സി ആവള 7,41,761/- |
| (സി) | ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാഫ് നേഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ എത്ര ഒഴിവുകൾ വീതം ഉണ്ട്; എത്ര തസ്തികകൾ വീതം അനുവദിച്ചു; വ്യക്തമാക്കാമോ; | (സി) | ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൃഷ്ടിച്ച തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു. എഫ്.എച്ച്.സി.യുടെ പേര് ജെ.പി.എച്ച്.എൻ സ്റ്റാഫ് നഴ്സ് ജെ.എച്ച്.ഐ എഫ്.എച്ച്,സി മേപ്പയ്യൂർ 0 0 0 എഫ്.എച്ച്.സി പെരുവണ്ണാമൂഴി 0 0 0 എഫ്.എച്ച്.സി ചങ്ങരോത്ത് 0 1 0 എഫ്.എച്ച്.സി ആവള 0 0 0 എഫ്.എച്ച്.സി, നൊച്ചാട് 0 2 0 എഫ്.എച്ച്.സി അരിക്കുളം 0 2 0 നിലവിലുള്ള ഒഴിവുകൾ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കുടുംബാരോഗ്യ കേന്ദ്രം, നൊച്ചാട് - 1 കുടുംബാരോഗ്യ കേന്ദ്രം, ആവള - 1 കുടുംബാരോഗ്യ കേന്ദ്രം, മേപ്പയ്യൂർ - 1 കുടുംബാരോഗ്യ കേന്ദ്രം, അരിക്കുളം - 1 ജനിയർ ഹെൽത്ത് ഇൻസ്പെക്ടർ കുടുംബാരോഗ്യ കേന്ദ്രം, നൊച്ചാട് - 1 കുടുംബാരോഗ്യ കേന്ദ്രം, ആവള - 1 കുടുംബാരോഗ്യ കേന്ദ്രം, മേപ്പയൂർ - 1 സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവ് നിലവിലില്ല ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, 2- വീതം സ്റ്റാഫ് നേഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒന്ന് വീതം ഫാർമസിസ്റ്റ്മാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ചങ്ങോരത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ ഒരു സ്റ്റാഫ് |

| | | | |
|---|---|---|---|
| | | | നേഴ്സ് എന്നീ തസ്തികകളും, പെരുവണ്ണാമൂഴി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. പന്നികോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, കിഴരിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജ്ജൻ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു ആരോഗ്യ സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് സ.ഉ(ആർ.ടി)നം. 1633/2021 ആകുവ തീയതി 01/08/2021 എന്ന ഉത്തരവ് പ്രകാരം തീരുമാനമായതിൽ പേരാമ്പ്ര റവന്യൂ ബ്ലോക്കിൽ നിന്നും ആവള എഫ്.എച്ച്.സി യെ ആണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം 'ഐസൊലേഷൻ വാർഡ്" സ്ഥാപിക്കാൻ 26.07.2021 ലെ സ.ഉ (ആർ.റ്റി)നം. 1555/2021/ആ.കു.വ പ്രകാരം തീരുമാന മായതിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നിന്നും പേരാമ്പ്ര ഗവൺമെന്റ് ആശുപത്രിയെയാണ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത്. കിഫ്ബി ഫണ്ടും എം.എൽ.എയുടെ ആസ്തിവികസന ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ